**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6152** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ വ്യക്തിഗത വായ്പാ പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിനെ റിസർവ് ബാങ്ക് സി ഗ്രേഡിലേക്ക് തരംതാഴ്ത്തിയത് കാരണം കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റേറ്റിംഗ് റിസർവ്വ് ബാങ്ക് മാറ്റിയിട്ടില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സൂപ്പർവൈസർ എന്ന നിലയിൽ നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ് റേറ്റിംഗിൽ ഉണ്ടായ വ്യത്യാസം. ഈ റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിൽ അധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമേ ബാധിക്കുകയുള്ളൂ. നിലവിൽ ഇത്തരം വായ്പകൾ ബാങ്കിന്റെ ആകെ വായ്പയുടെ 3% മാത്രമാണ്. കാർഷിക വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ല. ആയതിനാൽ ഇത് ബാങ്കിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല. ബാങ്ക് 2023-24 സാമ്പത്തിക വർഷം 209 കോടി രൂപ ലാഭത്തിലാണ് കണക്കവസാനിപ്പിച്ചത്. |
| (ബി) | വ്യക്തിഗത വായ്പ ഇനത്തിൽ നൽകാവുന്ന പരമാവധി വായ്പയുടെ തുക കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് കുറയുന്നതെന്നും നിലവിൽ പരമാവധി നൽകാവുന്ന വ്യക്തിഗത വായ്പയുടെ പരിധി എത്രയെന്നും വിശദമാക്കാമോ; | (ബി) | വ്യക്തിഗത വായ്പ ഇനത്തിൽ നൽകാവുന്ന പരമാവധി വായ്പ തുക 25 ലക്ഷമായി കുറച്ചിട്ടുണ്ട്. നിലവിൽ നൽകാവുന്ന വ്യക്തിഗത വായ്പയുടെ പരമാവധി പരിധി 40 ലക്ഷം രൂപയായിരുന്നു. കാർഷിക വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഈ പരിധി ബാധകമല്ല. |
| (സി) | കുറഞ്ഞ വായ്പ പരിധിക്ക് മുകളിൽ വായ്പ അനുവദിച്ചിട്ടുള്ള എത്ര ലോണുകൾ നിലവിൽ കേരള ബാങ്കിൽ ഉണ്ടെന്നും ഇത്തരം വായ്പകളിലൂടെ ബാങ്കിനുള്ള ആകെ ബാധ്യത എത്രയാണെന്നും വ്യക്തമാക്കുമോ? | (സി) | വ്യക്തിഗത വായ്പ ഇനത്തിൽ നൽകാവുന്ന പരമാവധി വായ്പ തുക 25 ലക്ഷമായി നിജപ്പെടുത്തിയ അവസരത്തിൽ 4223 വായ്പകളിലായി 1496 കോടി രൂപ വായ്പ ബാക്കി നിൽപ്പുണ്ട് |

സെക്ഷൻ ഓഫീസർ